**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **08-08-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാതയുടെ ഭാഗമായി ചേറ്റുവ-പൊന്നാനി ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി ചേറ്റുവ-പൊന്നാനി ജലപാത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | മലപ്പുറം ജില്ലയിലെ പൊന്നാനി - ചേറ്റുവ കനാലിന്റെ ഭാഗമായ അണ്ടത്തോട് മുതൽ ഭാരതപ്പുഴ വരെയുള്ള (ചെയിനേജ് 310.18 കി.മീ. മുതൽ 321.556 കി.മീ. വരെ) ജലപാത ദേശീയ ജലപാതയിൽ ഉൾപ്പെടുന്നതാണ്. ഈ കനാൽ ദേശീയ ജലപാത-3 മാനദണ്ഡങ്ങൾ അനുസരിച്ച് വികസിപ്പിക്കുന്നതിനായി സർവ്വേ പ്രവൃത്തികളും, കനാലിനു കുറുകെയുള്ള പാലങ്ങളും നടപ്പാലങ്ങളും പുനർനിർമ്മിക്കുന്നതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതും ജലപാത വികസനത്തിനായുള്ള നിലവിലെ കനാലിന്റെ അതിർത്തി പുനർനിർണ്ണയം പൂർത്തീകരിച്ചിട്ട ുള്ളതുമാണ്. NW-3 മാനദണ്ഡങ്ങൾ അനുസരിച്ച് കനാൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്കെച്ച് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ചെയിനേജ് 316.728-ൽ വെളിയംകോട് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവർത്തനം നടന്നു വരുന്നതും പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ചെറിയ ബോട്ടുകളുടെ സഞ്ചാരത്തിനായുള്ള സമാന്തര പാതയും മറ്റു വികസനങ്ങൾക്കുമായി 5720.11 ചതുരശ്ര മീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ചെയിനേജ് 321.294-ൽ പൊന്നാനി അങ്ങാടിപ്പാലം, ദേശീയ ജലപാത-3 മാനദണ്ഡങ്ങൾ അനുസരിച്ച് പുതുക്കി പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭിക്കുന്നതിനായി ഇൻഡസ്റ്റ് ഐ.ഡി.ആർ.ബി.ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 2640 $m^2$ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൊടുങ്ങല്ലൂർ - കോട്ടപ്പുറം (ചെ. 242.18) മുതൽ ചാവക്കാട് അത്തോട് (ചെ. 310.18) വരെയുള്ള |

| | | | |
|---|---|---|---|
| | | | ഭാഗവും ദേശീയ ജലപാതയിൽ ഉൾപ്പെടുന്നതാണ്. ജലപാത വികസനവുമായി ബന്ധപ്പെട്ട് എടക്കഴിയൂർ മൂവിംഗ് ബ്രിഡ്ജിനും തങ്ങൽപ്പടി ബ്രിഡ്ജിനും ഇടയിലുള്ള ഭാഗത്ത് ഇരുവശത്തും സർവ്വെ ചെയ്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചേറ്റുവ ബ്രിഡ്ജിനും എടക്കഴിയൂർ ബ്രിഡ്ജിനും ഇടയിലുള്ള ഭാഗത്ത് ഇരുവശത്തും സർവ്വെ ചെയ്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ഏനമാവ് ബോട്ട് ജെട്ടിയുടെ നിർമ്മാണം, ചാവക്കാട് ബ്രിഡ്ജിനും തിരുവത്ര ബ്രിഡ്ജിനും ഇടയിൽ ഡീസിൽറ്റിംഗ് പ്രവൃത്തി എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ